(ബി) തൃശ്ശൂർ എൻജിനീയറിംഗ് കോളേജിൽ പഠിക്കുന്ന സി. എൻ. ചന്ദ്രശേഖരൻ എന്ന വിദ്യാർത്ഥി സ്കോളർഷിപ്പിന് അപേക്ഷിച്ചിരുന്നോ;

(സി) ഈ വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് ലോണിന് യോഗ്യതയില്ലാതെ വന്നത് എന്തുകൊണ്ടാണ്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 'മെരിറ്റ്—കം—മീൻസ്' അടിസ്ഥാനത്തിലാണ്, അപേക്ഷ അയക്കുന്നതിന് തൊട്ടു മുൻപുണ്ടായ പബ്ലിക്ക് പരീക്ഷയിൽ കുറഞ്ഞപക്ഷം 60 ശതമാനം മാർക്ക് നേടിയിരിക്കണമെന്നും അപേക്ഷകന്റെ രക്ഷകർത്താവിന് പ്രതിവർഷവരുമാനം 6000 രൂപയിൽ കവിയാൻ പാടില്ലെന്നും നിബന്ധനയുണ്ട്.

(ബി) അപേക്ഷിച്ചിരുന്നു.

(സി) ഈ വിദ്യാർത്ഥി അപേക്ഷ അയക്കുന്ന സമയം എൻജിനീയറിംഗ് ഡിഗ്രി കോഴ്സിന്റെ രണ്ടാമത്തെ കൊല്ലമാണ് പഠിച്ചിരുന്നത്. സ്കോളർഷിപ്പ് ചട്ടങ്ങളനുസരിച്ച് കോഴ്സിന്റെ ആദ്യത്തെ കൊല്ലം മുതലാണ് സ്കോളർഷിപ്പ് കൊടുക്കുന്നത്. ഒരു കോഴ്സിന്റെ ഇടയ്ക്കുവച്ച് സ്കോളർഷിപ്പ് കൊടുക്കുവാൻ ചട്ടമില്ല.

ലോൺ സ്കോളർഷിപ്പുകൾ

* 89. [47] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ പഠിക്കുന്ന എത്ര വിദ്യാർത്ഥികൾക്ക് ലോൺ സ്കോളർഷിപ്പുകൾ നൽകി;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും എത്രവീതം;

(സി) ഏതെങ്കിലും സ്ഥാപനത്തിൽനിന്ന് യഥാസമയം അപേക്ഷകൾ എത്തിച്ചേരാഞ്ഞതുകൊണ്ട് സ്കോളർഷിപ്പിന് യോഗ്യതയുള്ളവർക്ക് കൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതുസ്ഥാപനം;

(ഇ) എത്രപേർക്ക് ആയതു ലഭിക്കാതെയായി?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 833 പേർക്ക് ഇക്കൊല്ലം താഴെപറയുന്ന രീതിയിൽ ലോൺ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

(1)	പോസ്റ്റ്മെട്രിക്ക് പഠനത്തിന്	—720
(2)	പോസ്റ്റ് ഇൻറർ പഠനത്തിന്	—75
(3)	പോസ്റ്റ് ഗ്രാജുവേറ്റ് പഠനത്തിന്	—38
	ആകെ	833

(ബി) സ്കോളർഷിപ്പ് നൽകുന്നത് 'മെരിറ്റ്—കം—മീൻസ്', അടിസ്ഥാനത്തിൽ മാത്രമായതുകൊണ്ട് വിദ്യാർത്ഥികൾ ഏതു ഡിസ്ട്രിക്റ്റിൽപ്പെട്ടവരാണെന്നുള്ള വിവരം ശേഖരിച്ചിട്ടില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്ഥാപനങ്ങളുടെ പേരു് കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്.*

(ഈ) 76 പേക്കു് ലഭിക്കാതെയായി.

ശ്രീ. ടി. ഓ. ബാവ: ഈകൊല്ലം മുതൽ ആരംഭിച്ച സ്കോളർഷിപ്പു് ലോൺ ഈ വിദ്യാർത്ഥിയുടെ കുടുംബത്തിനു് 600 രൂപമാത്രം വരുമാനമുണ്ടായിരുന്നിട്ടും, 65 ശതമാനത്തിൽക്കൂടുതൽ മാർക്കു് ഈ വിദ്യാർത്ഥിക്കു് ഉണ്ടായിരുന്നിട്ടും, ലഭിച്ചില്ല. ഈ വിദ്യാർത്ഥി ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു സമുദായത്തിൽപ്പെട്ട ഒരാളെന്ന നിലയ്ക്കു്, കാലേകൂട്ടി അപേക്ഷിക്കുവാൻ നിവൃത്തിയില്ലാത്ത സ്ഥിതിയെ പരിഗണിച്ചു് ഈ കോഴ്സു് ആരംഭിച്ച കാലംമുതലുള്ള അപേക്ഷകർക്കു് ഈ ആനുകൂല്യം കൊടുക്കാനുള്ള ദയവുണ്ടാകുമോ? ഏറ്റവും അർഹതയുള്ള വിദ്യാർത്ഥിയായതുകൊണ്ടും, പിന്നോക്ക സമുദായത്തിൽപ്പെട്ട ആളായതുകൊണ്ടും ഇതുവരെ പഠിച്ചുവന്നതു് മറ്റുള്ള സഹായങ്ങൾ കൊണ്ടാണെന്നുമുള്ള വസ്തുതയെ പരിഗണിച്ചു് ഈ കാര്യം ഒന്നു പ്രത്യേകം ദയവായി പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ: ബഹുമാനപ്പെട്ട മെംബർ പറയുന്ന കാര്യത്തിലും വളരെ ന്യായമുണ്ടു്. എന്നാൽ ഇതേ സംബന്ധിച്ചു് രൂപം ഇങ്ങനെയാണു്, ആ നിലയ്ക്കു് ഉള്ളിൽ ഭേദഗതി വരുത്താൻ ആലോചിക്കാം.

ശ്രീ. എം. എം. മത്തായി: വരുമാനം 6000 രൂപ എന്നു വച്ചുകൊണ്ടു് പല കുട്ടികൾക്കും ഈ ബനിഫിറ്റു് കിട്ടാതെ പോകുന്നുണ്ടു്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ 6000 രൂപ എന്നുള്ളതു് കുറച്ചുകൂടി കൂട്ടുവാൻ ദയവുണ്ടാകുമോ?

ശ്രീ. ആർ. ശങ്കർ: ഇതു് അഖിലേൻഡ്യാടിസ്ഥാനത്തിലുണ്ടായിട്ടുള്ള ഒരു ലോൺ സ്കോളർഷിപ്പു് സംപ്രദായമാണു്. ആ കാര്യത്തിൽ ഇൻഡ്യാ ഒട്ടാകെ ഒരു മാതൃക സ്വീകരിക്കുകയല്ലാതെ കേരളത്തിൽ ഒരു പ്രത്യേക മാനദണ്ഡം സ്വീകരിക്കുന്നതു് ശരിയായിരിക്കുകയില്ല.

ശ്രീ. കെ. ആർ. വിജയൻ: എത്രയും സ്ഥാപനങ്ങളിൽനിന്നു് യഥാസമയം അപേക്ഷ ലഭിക്കാത്തതുമൂലം യോഗ്യതയുള്ള കുറേ കുട്ടികൾക്കു് സ്കോളർഷിപ്പു് ലഭിക്കാതെപോയി എന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നേരത്തെ അപേക്ഷിച്ചിരുന്നവരിൽ യോഗ്യത കുറവുള്ള വിദ്യാർത്ഥികളുണ്ടെങ്കിൽ അവർക്കുകൂടി സ്കോളർഷിപ്പു് കൊടുക്കാനുള്ള നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ആർ. ശങ്കർ: ഈകൊല്ലം ഇതിനു മാറ്റിവച്ചിരുന്ന പണം ഇതോടുകൂടി തീർന്നുവെന്നാണു് എനിക്കു് തോന്നുന്നതു്. ഒട്ടുവളരെ വിദ്യാലയങ്ങളിൽ നിന്നു് അപേക്ഷകൾ യഥാസമയം പോയില്ലെന്നു് കാണുന്നു. അങ്ങനെ അപേക്ഷകൾ പോകാതിരിക്കുന്നതിനു കാരണമെന്താണെന്നന്വേഷിക്കുകയും ഉള്ള സ്കോളർഷിപ്പുകൾ അർഹതയുള്ള വിദ്യാർത്ഥികൾക്കു് കൊടുക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഈ സ്കോളർഷിപ്പിന്റെ പണം സ്റ്റേറ്റു് ഗവണ്മെന്റിന്റെയാണോ, ഇൻഡ്യാഗവണ്മെന്റിന്റെയാണോ?

ശ്രീ. ആർ. ശങ്കർ: അതു് ഇൻഡ്യാഗവണ്മെന്റിന്റെയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇതു കൊടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഈ സ്റ്റേറ്റിൽ ലോൺ സ്കോളർഷിപ്പിനു് അർഹതയുള്ളവരുടെ പേരു് ശുപാർശ ചെയ്യുന്നതു് ആരാണു്? അതിനു് പ്രത്യേക കമ്മിറ്റി വല്ലതുമുണ്ടോ; അതോ ഡിപ്പാർട്ടുമെന്റാണോ?

---

* Appendix II

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: പ്രത്യേകമായി അങ്ങനെ കമ്മിറ്റിയെ വച്ചിട്ടില്ല. ഡയറക്ടർ ആഫ് കൊളീജിയറ്റ് എഡ്യൂക്കേഷനാണ് ആവശ്യമായ നടപടികളും സ്വീകരിക്കുന്നത്.

ശ്രീ. എം. നാരായണക്കുറുപ്പ്: നിശ്ചിതയോഗ്യതയുള്ള, സ്കോളർഷിപ്പുകളുടെ എണ്ണത്തിൽ, കവിഞ്ഞിട്ടുള്ള വിദ്യാർത്ഥികളും ഉണ്ടാകുമ്പോൾ എന്താണ് അതിനു പ്രത്യേകമായ മാനദണ്ഡം സ്വീകരിക്കുക?

ശ്രീ. ആർ. ശങ്കർ: മാക്കിനെ അടിസ്ഥാനമാക്കിയാണ് നൽകുന്നത്. കൂടുതൽ യോഗ്യതയുള്ളവരുണ്ടെങ്കിൽ മെരിറ്റ് കൂടുതലുള്ളവർക്ക് കൊടുക്കാമെന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്.

ശ്രീ. മാലേത്തുഗോപിനാഥപിള്ള: വരുമാനം 6000 രൂപ എന്നുള്ളതു് അഖിലേൻഡ്യാടിസ്ഥാനത്തിൽ സ്വീകരിച്ചിരിക്കുന്നതുകൊണ്ട് ഗവണ്മെൻറിനു് അതു് കുറയ്ക്കുന്നതിനു് പ്രയാസമാണെന്നു പറഞ്ഞു. നമ്മുടെ സംസ്ഥാനത്തിൻറെ പ്രത്യേകമായ പരിതസ്ഥിതിയെ കണക്കിലെടുത്തുകൊണ്ട്, ഈ സംസ്ഥാനത്തിലെ ആളുകളുടെ വിചാരങ്ങളെ മാനിച്ചുകൊണ്ട് ഇതു് കുറയ്ക്കണമെന്നു് കേന്ദ്രഗവണ്മെൻറിൻറെ അടുക്കൽ നിവേദനം നടത്തുന്നതിനു് ഗവണ്മെൻറ് തയ്യാറാകുമോ?

ശ്രീ. ആർ. ശങ്കർ: അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ഈ കാര്യത്തിൽ കേന്ദ്രഗവണ്മെൻറിൻറെ അടുക്കൽ നിവേദനം നടത്താൻ പോകാതെ ഈ ഗവണ്മെൻറ് അതേമാതിരി ഒരു സ്കോളർഷിപ്പ് പദ്ധതി ഉണ്ടാക്കിയിട്ടുണ്ട്. അതിനും പണം മാറ്റിവച്ചിട്ടുണ്ട്. ആ പണം കൊടുക്കുമ്പോൾ കുറച്ചുകൂടി പാവപ്പെട്ടവർക്ക് കൊടുക്കാൻ വേണ്ട വ്യവസ്ഥ ചെയ്യാം.

ശ്രീ. എം. ഗോപാലൻകുട്ടിനായർ: ഈ സ്കോളർഷിപ്പ് അനുവദിച്ച കാര്യത്തിൽ മലബാർ പ്രദേശത്തെ വളരെയധികം അവഗണിച്ചതായി ചൂണ്ടിക്കാണിച്ചുകൊണ്ട് മാതൃഭൂമിപത്രം ഒരു എഡിറ്റോറിയൽ എഴുതിയതു് ഈ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: എഡിറ്റോറിയൽ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വളരെയേറെ കാളേജുകളിൽനിന്നു് അപേക്ഷകളും സമയത്തു ലഭിക്കേയുണ്ടായിട്ടില്ലെന്നു കാണുന്നു. കുറച്ചൊന്നുമല്ല, 49 സ്ഥാപനങ്ങളാം. അതിൽ എന്തെങ്കിലും പ്രാദേശികമായ വിവേചനമുള്ളതായി കാണുന്നില്ല. തിരുവിതാംകൂറിൽതന്നെ വളരെ പ്രധാനപ്പെട്ട കാളേജുകളിൽനിന്നു് അപേക്ഷകളും ലഭിക്കാനുള്ളതായി കാണുന്നു.

മത്സ്യവ്യവസായ സഹകരണസംഘങ്ങൾ

* 90. [5] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് എത്ര മത്സ്യവ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തനം നടത്തുന്നുണ്ടു്;

(ബി) മത്സ്യവ്യവസായ വികസനപദ്ധതിയിൽ ഉൾപ്പെടുത്തി ഗവണ്മെൻറിൽനിന്നും ഏതെല്ലാം വിധത്തിലുള്ള സഹായങ്ങൾ ഈ സംഘങ്ങൾക്കു നൽകുന്നുണ്ടു്;

(സി) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഈ കാര്യത്തിനു എത്ര തുക വകകൊള്ളിച്ചിട്ടുണ്ടു്;

(ഡി) അതിൽ ഇതുവരെ എത്ര ചെലവായിട്ടുണ്ടു്?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 350.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to starred question No.* **89** (47)]

Statement

1 Intermediate College, Trivandrum.
2 College for Women, Trivandrum.
3 Government Polytechnic, Trivandrum.
4 Engineering College, Trivandrum.
5 S. N. College, Quilon.
6 Medical College, Trivandrum.
7 F. M. N. College, Quilon.
8 S. N. College for Women, Quilon.
9 Mar Thoma College, Thiruvalla.
10 Government Basic Training School, Thiruvalla.
11 N. S. S. Polytechnic, Pandalam.
12 N. S. S. College, Changanacherry.
13 S. B. College, Changanacherry.
14 Government Polytechnic, Kottayam.
15 C. M. S. College, Kottayam.
16 Mar Athanaseus College of Engineering, Kothamangalam.
17 Carmel Polytechnic, Alleppey.
18 S. D. College, Alleppey.
19 Union Christian College, Alwaye.
20 Medical College, Kottayam.
21 Nirmala College, Muvattupuzha.
22 Maharaja's College, Ernakulam.
23 St. Thomas College, Palai.
24 Christ College, Irinjalakuda.
25 Maharaja's Technological Institute, Trichur.
26 Engineering College, Trichur.
27 Sree Kerala Varma College, Trichur.
28 St. Mary's College, Trichur.
29 St. Thomas College, Trichur.
30 G. P. T., Perunthalmanna.
31 St. Joseph's Basic Trainining School, Matholy.
32 N. S. S. College of Engineering, Palghat.
33 Medical College, Kozhikode.
34 N. S. S. College, Ottapalam.
35 Government Polytechnic, Calicut.
36 St. Joseph's College, Calicut.
37 Government College, Madappalli
38 S. N. College, Cannanore.
39 Thyagarajar Polytechnic, Alagappanagar.
40 Maharaja Sayajivaro University of Baroda.
41 Christian Medical College, Vellore.

LIBRARY ARCHIVES Kerala Legislative Assembly